ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 12.02.2025

## പ്രധാനവാർത്തകൾ

1) **ഫ്രഞ്ച് നഗരമായ മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഫ്രഞ്ച് പ്രസിഡൻറിനൊപ്പം നിർവഹിച്ചു. ഫ്രാൻസ് പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് യു.എസ്സിൽ എത്തും.**
2) **2025-26 ലെ സംസ്ഥാന ബജറ്റിന്മേലുള്ള പൊതു ചർച്ച നിയമസഭയിൽ പൂർത്തിയായി. ധനമന്ത്രി കെ.എൻ ബാലഗോപാൽ ചർച്ചയ്ക്ക് മറുപടി നൽകി.**
3) **കിഫ്ബി റോഡുകൾക്ക് യൂസർ ഫീ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിൻറെ പരിഗണനയിലുണ്ടെന്ന് നിയമസഭയിൽ വ്യക്തമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ.**
4) **പി സി ചാക്കോ എൻ സി പി സംസ്ഥാന അധ്യക്ഷ സ്ഥാനം രാജിവെച്ചു.**
5) **കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു.**
6) **38-ാമത് ദേശീയ ഗെയിംസിൽ ഇന്ന് ഒരു സ്വർണവും, ഒരു വെള്ളിയും സ്വന്തമാക്കി കേരളം. രഞ്ജി ട്രോഫിയിൽ കേരളം സെമി ഫൈനലിൽ**

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി

RNU TVM

ഫ്രഞ്ച് നഗരമായ മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോനിനൊപ്പം നിർവഹിച്ചു. മാർസേയിലെ ഇന്ത്യൻ സമൂഹവുമായും ഇരു നേതാക്കളും സംവദിച്ചു. രണ്ടാം ലോക മഹായുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനികർക്ക് പ്രധാനമന്ത്രി യുദ്ധ സെമിത്തേരിയിലെത്തി ആദരമർപ്പിച്ചു. പാരീസ് സന്ദർശനം പൂർത്തിയാക്കി ഇന്ന് രാവിലെ മാർസേയിലെത്തിയ ശ്രീ മോദിക്ക് ആവേശകരമായ സ്വീകരണമാണ് ഇന്ത്യൻ സമൂഹം നൽകിയത്. ഇൻഡോ-ഫ്രാൻസ് സംരംഭമായ International Thermonuclear Experimental Reactor പദ്ധതിയും ഇരുനേതാക്കളും സന്ദർശിച്ചു. ഫ്രഞ്ച് പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി ഇന്ന് അമേരിക്കയിലെത്തും. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം.

RNUTVPM

&&&&&&&&&&&&&&&&&&

## ബജറ്റ്

2025-26 ലെ സംസ്ഥാന ബജറ്റിന്മേലുള്ള പൊതു ചർച്ച നിയമസഭയിൽ പൂർത്തിയായി.എല്ലാ മേഖലകളെയും സംയോജിപ്പിച്ച് സംസ്ഥാനത്ത് സമഗ്ര വികസനം കൊണ്ടുവരാനാണ് ബജറ്റ് ലക്ഷ്യമിടുന്നതെന്ന് ചർച്ചയ്ക്ക് മറുപടി

നൽകിക്കൊണ്ട് ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. കേരളത്തിൽ നിന്ന് ജോലിതേടി പുറത്തേക്ക് പോകുന്ന യുവാക്കളെ തിരികെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. എ.ഐ പോലുള്ള പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തുന്നതോടൊപ്പം ജനങ്ങൾക്കും പ്രാധാന്യം നൽകുന്ന വികസനമാണ് സർക്കാരിന്റെ ലക്ഷ്യം. കേന്ദ്രത്തിൽ നിന്ന് മതിയായ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരിമിതിക്ക് ഇടയിലും, ജനങ്ങ ളുടെ ക്ഷേമം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ടെന്നും ധനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**കിഫ്ബി ( ഇൻട്രോ)**

കിഫ്ബി റോഡുകൾക്ക് യൂസർ ഫീ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിൻറെ പരിഗണനയിലുണ്ടെന്ന് നിയമസഭയിൽ വ്യക്തമാക്കി മുഖ്യമന്ത്രി പിണറായി വിജയൻ. യൂസർ ഫീയിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് കിഫ്ബിയുടെ വായ്പകൾ തിരിച്ചടയ്ക്കാനുള്ള സാധ്യതകളാണ് സർക്കാർ പരിഗണിക്കുന്നത്. കിഫ്ബി വായ്പകളെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും ഒഴിവാക്കാനും ഇതിലൂടെ കഴിയും. പ്രതിപക്ഷനേതാവ്

RNUTVPM

വി.ഡി സതീശൻ ഉന്നയിച്ച വിമർശനങ്ങൾക്ക്, ബജറ്റ് ചർച്ചയ്ക്കിടെ മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി .

(ഹോൾഡ്)

സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചതായ ബജറ്റ് പ്രസംഗത്തിലെ പരാമർശത്തിന് കേരളത്തിലെ യഥാർത്ഥ സാഹചര്യവുമായി ബന്ധമില്ലെന്ന് ബജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ചൂണ്ടിക്കാട്ടി. റവന്യൂ കമ്മിയും, ധനക്കമ്മിയും സംസ്ഥാനത്ത് വർദ്ധിക്കുകയാണ് ഉണ്ടായതെന്നും അദ്ദേഹം പറഞ്ഞു. ബജറ്റിൽ വിവിധ മേഖലകളെ തീർത്തും അവഗണിച്ചതായും പ്രതിപക്ഷനേതാവ് ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

PNU TVPM

**നിയമസഭ**

കുറ്റകൃത്യങ്ങൾ തടയുന്നതിൽ സംസ്ഥാന പോലീസ് പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടുന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് നിയമസഭയിൽ നിന്നും വാക്കൗട്ട് ചെയ്തു. പോലീസിൻറെ വീഴ്ചകൾ തടയാൻ സർക്കാരിന് സാധിക്കുന്നില്ലെന്നും ക്രിമിനൽ ബന്ധമുള്ള പോലീസുകാർ സംസ്ഥാനത്ത്

കൂടിവരുന്നതായും പ്രതിപക്ഷം ആരോപിച്ചു. എന്നാൽപോലീസുകാർക്ക് വീഴ്ച്ച വന്ന എല്ലാം സന്ദർഭങ്ങളിലും കർശനമായി നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകി.

&&&&&&&&&&&&&&&&&&

**കാട്ടാനയുടെ ആക്രമണം**

വന്യജീവി ആക്രമണങ്ങൾ ആവർത്തിക്കുന്നതിൽ വയനാട്ടിൽ പ്രതിഷേധം ശക്തം. കാട്ടാന ആക്രമണത്തിൽ ഇന്നലെ രാത്രി കൊല്ലപ്പെട്ട മേപ്പാടി അട്ടമല സ്വദേശി ബാലൻ്റെ മൃതദേഹം പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയാക്കി സംസ്കരിച്ചു . മണിക്കൂറുകൾ നീണ്ട പ്രതിഷേധത്തിന് ഒടുവിലാണ് മൃതദേഹം ആശുപത്രിയിലേക്ക് മാറ്റിയത്. ബാലൻ്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകുമെന്ന് ഉറപ്പ് നൽകിയതിന് ശേഷമാണ് പ്രതിഷേധം അവസാനിച്ചത്. വൈകുന്നേരത്തോടെ യൂത്ത് കോൺഗ്രസിൻ്റെ നേതൃത്വത്തിൽ മേപ്പാടി ഫോറസ്റ്റ് സ്റ്റേഷനിലേക്ക് നടത്തിയ മാർച്ചിൽ ചെറിയ തോതിൽ സംഘർഷവും ഉണ്ടായി. വന്യമൃഗ ശല്യത്തിന് പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യുഡിഎഫിൻ്റെ നേതൃത്വത്തിൽ

RNU TVPM

നാളെ ജില്ലയിൽ ഹർത്താലിനും ആഹ്വാനം ചെയ്തിട്ടുണ്ട്. എന്നാൽ ഹർത്താലുമായി സഹകരിക്കില്ല എന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി അറിയിച്ചു

&&&&&&&&&&&&&&&&&&

**പി സി ചാക്കോ**

പി സി ചാക്കോ എൻ സി പി സംസ്ഥാന അധ്യക്ഷ സ്ഥാനം രാജിവെച്ചു. ദേശീയ അധ്യക്ഷൻ ശരദ് പവാറിന് ഇന്നലെ വൈകുന്നേരമാണ് രാജിക്കത്ത് കൈമാറിയത്. അതേസമയം ദേശീയ വർക്കിംഗ് പ്രസിഡന്റ് സ്ഥാനത്ത് തുടരുമെന്ന് പി സി ചാക്കോ അറിയിച്ചു. പുതിയ സംസ്ഥാന അധ്യക്ഷനായി തോമസ് കെ തോമസ് എംഎൽഎ യെ നിയമിക്കണമെന്ന് എൻ.സി.പി സംസ്ഥാന ഭാരവാഹി യോഗം ഏകകണ്ഠേന പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

RNJTVPM

&&&&&&&&&&&&&&&&&&

**ശബരിമല**

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. വൈകുന്നേരം അഞ്ച് മണിക്ക് തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിച്ചു. ഇന്ന് പൂജകൾ ഒന്നും തന്നെയില്ല. കുംഭം ഒന്നായ നാളെ രാവിലെ അഞ്ചിനു നട

തുറക്കും. മാസപൂജകൾ പൂർത്തിയാക്കി ഈ മാസം 17 ന് രാത്രി 10 നാണ് നട അടയ്ക്കുക.

&&&&&&&&&&&&&&&&&&

**താപനില**

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രത പാലിക്കണം. സൂര്യാഘാത സാധ്യത കണക്കിലെടുത്ത്, പകൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയവും സംസ്ഥാനത്ത് പുനക്രമീകരിച്ചിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

**വന്ദനദാസ് കൊലക്കേസ്**

ഡോക്ടർ വന്ദനദാസ് കൊലക്കേസിൽ കൊല്ലം അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണ ആരംഭിച്ചു. സംഭവ സമയത്ത് വന്ദനക്കൊപ്പം ജോലി ചെയ്തിരുന്ന ഡോക്ടർ മുഹമ്മദ് ഷിബിനെ ആദ്യം വിസ്തരിച്ചു. 50 സാക്ഷികളുടെയും പ്രഥമ വിസ്താരം വരുംദിവസങ്ങളിൽ നടക്കും.

&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ സൗന്ദര്യ

ഓപ്പറേഷൻ സൗന്ദര്യയുടെ ഭാഗമായി എറണാകുളത്ത് നടത്തിയ പരിശോധനയിൽ മായം ചേർത്ത സൗന്ദര്യ വർധക വസ്തുക്കൾ കണ്ടെത്തിയതായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിച്ചു. മറൈൻ ഡ്രൈവിൽ പ്രവർത്തിക്കുന്ന സൗന്ദര്യ വർധക വസ്തുക്കളുടെ മൊത്തവ്യാപാര സ്ഥാപനത്തിൽ നിന്നുമാണ് മായം ചേർത്ത പെർഫ്യൂം പിടികൂടിയത്. പരിശോധനകൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

&&&&&&&&&&&&&&&&&&

RNU TVPM

## കൈത്തറി

കൈത്തറി ഉൽപ്പന്നങ്ങൾ എന്ന വ്യാജേന പവർലൂം ഉൽപ്പന്നങ്ങൾ വിൽക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി പിഴ ഈടാക്കുമെന്ന് കൈത്തറി ആൻഡ് ടെക്സ്റ്റയിൽസ് ഡയറക്ടർ . ഇത്തരം ഉൽപ്പന്നങ്ങൾ കണ്ടുകെട്ടി സ്ഥാപനത്തിനെതിരെ നിയമനടപടിയും സ്വീകരിക്കും.

&&&&&&&&&&&&&&&&&&

## ആകാശവാണി റേഡിയോ ഫെസ്റ്റ്

ലോക റേഡിയോ ദിനമായ നാളെ ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് പൂജപ്പുര ശ്രീചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ ശ്രോതാക്കളുടെ സംഗമം

സംഘടിപ്പിക്കുന്നു. ഉച്ചയ്ക്ക് 1.30 ന് ആരംഭിക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി പ്രസംഗ മത്സരം, ക്വിസ്, ഗാനമേള ഉൾപ്പെടെ നടക്കും. പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&&

**ആറ്റുകാൽ പൊങ്കാല**

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് മാർച്ച് 13 ന് തിരുവനന്തപുരം നഗരപരിധിക്കുള്ളിലെ ധനകാര്യ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ അവധി പ്രഖ്യാപിച്ചു. പൊതുഭരണ വകുപ്പാണ് ഇത് സംബന്ധിച്ച് ഉത്തരവിറക്കിയത്.

RNUTVPM

&&&&&&&&&&&&&&&&&&

**ദേശീയ ഗെയിംസ്**

38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും സ്വർണം . 4 ബൈ 400 മീറ്റർ മിക്സഡ് റിലേയിലാണ് കേരളത്തിൻറെ സുവർണ നേട്ടം. വനിതകളുടെ ജൂഡോ 78 കിലോ വിഭാഗത്തിൽ കേരളത്തിൻറെ അശ്വതി പി ആർ വെള്ളി മെഡൽ നേടി. പോയിൻറ് പട്ടികയിൽ കേരളം 12-ാം സ്ഥാനത്താണ്. ദേശീയ ഗെയിംസിൽ നിലവിൽ സർവീസസ് ഒന്നാമതും, മഹാരാഷ്ട്രയും, കർണാടകയും രണ്ടും മൂന്നും സ്ഥാനങ്ങളിലാണ്.

&&&&&&&&&&&&&&&&&&

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫിയിൽ കേരളം സെമിയിൽ കടന്നു. ക്വാർട്ടർ ഫൈനലിൽ ജമ്മു കാശ്മീരിനെതിരെ സമനില നേടിയാണ് കേരളത്തിന്റെ സെമിപ്രവേശം.17ന് തുടങ്ങുന്ന സെമിയിൽ ഗുജറാത്താണ് കേരളത്തിൻറെ എതിരാളി. രണ്ടാം സെമിയിൽ മുംബൈ വിദർഭയെ നേരിടും.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

അഹമ്മദാബാദ് ഏകദിനത്തിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 357 റൺ വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത 50 ഓവറിൽ 10 വിക്കറ്റ് നഷ്ടത്തിൽ 356 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 11 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 89 റൺസ് എന്ന നിലയിലാണ് .

RNU TVPM

&&&&&&&&&&&&&&&&&&

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി, എഫ്സി ഗോവയെ നേരിടും . രാത്രി 7.30ന് മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**ഓഹരി / സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്നും ഇടിവ്. സെൻസെക്സ് **123** പോയിൻറ് ഇടിഞ്ഞ് 76,171 ലും, നിഫ്റ്റി **27** പോയിൻറ് നഷ്ടത്തിൽ 23,045 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കുറഞ്ഞു. പവന് **560** രൂപ കുറഞ്ഞ് **63,520** രൂപയും, ഗ്രാമിന് **7,940** രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&

RNU TVPM